ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകൾ

*5 [446] ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. എ. സി. ഷൺമുഖദാസ് :

,, കെ. പി. മോഹനൻ :

,, സി. കെ. നാണു:

,, കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്; ഇവ ഏതെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഗ്രോത്ത് സെന്ററുകൾ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്; ഓരോ സെന്ററുകളിലുമുള്ള വ്യവസായങ്ങളുടെ ലിസ്റ്റ് നൽകാമോ;

(സി) ഒരു വ്യവസായവും ആരംഭിക്കാത്ത സെന്ററുകൾ ഏതെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ സെന്ററുകളിൽ പൊതുമേഖലയിൽ ചെറുകിട വ്യവസായങ്ങളോ ഇടത്തരം വ്യവസായങ്ങളോ തുടങ്ങുവാൻ ഉത്തരവ് നൽകുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) സംസ്ഥാനത്ത് രണ്ട് വ്യവസായ വളർച്ചാ കേന്ദ്രങ്ങളാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. സംസ്ഥാനത്ത് സ്ഥല ലഭ്യതയുടെ പരിമിതിമൂലം കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, മലപ്പുറം എന്നീ നാലു ജില്ലകളിലായാണ് ഇത് നടപ്പിലാക്കി വരുന്നത്.

(ബി) കണ്ണൂരിൽ റബ്കോ, ഇൻഡക് ആരോമാറ്റിക്സ്, ബാലാജി കൊപ്ര, പ്രോസസിംഗ് യൂണിറ്റ് എന്നിവയും ആലപ്പുഴയിൽ മലബാർ സിമന്റ് ലിമിറ്റഡ്, ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജ് എന്നിവയും പ്രവർത്തിക്കുന്നു. മലപ്പുറം, കോഴിക്കോട് ഗ്രോത്ത് സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതിലേയ്ക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിവരികയാണ്.

(സി) മലപ്പുറം, കോഴിക്കോട് സെന്ററുകൾ.

(ഡി) തൽക്കാലം ഇത്തരം നിർദ്ദേശം ഒന്നും സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly